പതിനാലാം കേരള നിയമസഭ

പതിനഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3010

18/06/2019-ൽ മറുപടിയ്ക്ക്

## പാഠപുസ്തക വിതരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഡി.കെ. മുരളി** | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ എയ്ഡഡ് - സർക്കാർ സ്കൂളുകളിലും അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുൻപ് തന്നെ പാഠപുസ്തകങ്ങൾ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്, കഴിഞ്ഞ അക്കാദമിക വർഷംതന്നെ ഈ അക്കാദമിക വർഷം വിതരണം ചെയ്യേണ്ട പുസ്തകങ്ങൾ സംബന്ധിച്ച കണക്കുകൾ ശേഖരിക്കുകയും അവ 2019 മാർച്ച് മാസാവസാനം തന്നെ സ്കൂളുകളിലേക്ക് അച്ചടിച്ച് എത്തിക്കാൻ കഴിയും വിധം സൂക്ഷ്മതല ആസൂത്രണം നടത്തുകയും അത് കൃത്യമായി മോണിറ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപുതന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) 2019-20 അദ്ധ്യയന വർഷത്തെ ഒന്നു മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കെ.ബി.പി.എസ് (കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി)-നെ തന്നെ ഏൽപ്പിച്ച് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. സ്കൂളുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങളുടെ ഇൻഡന്റ് ഓൺലൈൻ വഴി സ്വീകരിക്കുകയും അതുപ്രകാരമുള്ള എണ്ണം ശേഖരിച്ച് 7% ബഫർ സ്റ്റോക്ക് കൂടി കണക്കാക്കി പാഠപുസ്തകങ്ങൾ അച്ചടിക്കുവാനുള്ള ഉത്തരവ് കെ.ബി.പി.എസ് ന് നൽകുകയുണ്ടായി. അന്തിമ അച്ചടി ഉത്തരവ് പ്രകാരം ഒന്നാം വാല്യം 3,22,34,000 എണ്ണവും മൈനർ ടൈറ്റിലുകൾ 3,29,500 എണ്ണവുമാണ് ബഫർ സ്റ്റോക്ക് ഉൾപ്പെടെ അച്ചടിച്ച് സ്കൂളുകൾക്ക് വിതരണം ചെയ്യുന്നത്. പാഠപുസ്തകങ്ങളുടെ വിതരണം അതാത് സ്കൂൾ സൊസൈറ്റികൾ മുഖാന്തിരമാണ് നൽകുന്നത്. ടി വിതരണം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി സംസ്ഥാന തലത്തിൽ മുൻ |

വർഷത്തെപ്പോലെ മൂന്ന് മേഖലകളായി തിരിച്ച് രണ്ട് അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർമാർക്കും ഒരു ജോയിന്റ് ഡയറക്ടർക്കും, ജില്ലാ തലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും മോണിറ്ററിംഗ് നടത്തുവാനുള്ള ചുമതല നൽകിക്കഴിഞ്ഞു.

(സി) ഏതെങ്കിലും സ്കൂളുകളിൽ പാഠപുസ്തകങ്ങൾ എത്തിയിട്ടില്ലായെങ്കിൽ ഏതൊക്കെ സ്കൂളുകളിലാണെന്നും എന്താണ് കാലതാമസം ഉണ്ടാകാൻ കാരണമെന്നും വ്യക്തമാക്കാമോ?

(സി) അങ്ങനെയുള്ള പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

Namitha.P

**സെക്ഷൻ ഓഫീസർ**